# പതിമൂന്നാം കേരളനിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.651 — 13/06/2012 ൽ മറുപടിക്ക്

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

**മറുപടി**

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി ഏതെല്ലാം സ്ഥലങ്ങളിലാണ് ആരംഭിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | പരീക്ഷണാടിസ്ഥാനത്തിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ രണ്ട് ഔട്ട്‌ലെറ്റുകൾ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഒ.പിക്ക് സമീപവും, കല്ലറ സാമൂഹികാരോഗ്യ കേന്ദ്രത്തിലും ആരംഭിച്ചു കഴിഞ്ഞു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കാമോ; | (ബി) | ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതു വിപണിയിൽ നിയന്ത്രിച്ചു നിർത്തുക, പാവപ്പെട്ട രോഗികൾക്ക് വളരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കുക എന്നീ ഉദ്ദേശത്തോടു കൂടിയാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നത്. വിലകൂടിയതും ബ്രാൻഡഡ് ഇനത്തിലും ഉള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി ഔട്ട്‌ലെറ്റുകൾ മുഖേന 20% മുതൽ 90% വരെ വിലകുറവിൽ ലഭ്യമാക്കുന്നുണ്ട് |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതി വഴി ഏതെല്ലാം മരുന്നുകളുടെ വിലയിലാണ് കുറവ് വരുത്തി വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകളുടെ വില പൊതു വിപണിയിൽ നിയന്ത്രിച്ചു നിർത്തുക, പാവപ്പെട്ട രോഗികൾക്ക് വളരെ വിലകുറച്ച് മരുന്നുകൾ ലഭ്യമാക്കുക ഔഷധ വ്യാപാരരംഗത്തെ കൊടിയ ചൂഷണം തടയുക എന്നീ ഉദ്ദേശങ്ങളോടു കൂടിയാണ് പ്രധാനമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങുന്നത്. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയുടെ ഔട്ട്‌ലെറ്റുകൾ മുഖേന എല്ലാ ഇനം ബ്രാൻഡഡ് മരുന്നുകളും പൊതു വിപണിയേക്കാൾ വളരെ വിലകുറച്ച് രോഗികൾക്ക് വിതരണം ചെയ്തുവരുന്നു. കാൻസർ, പ്രമേഹം, കിഡ്നി, നാഡിസംബന്ധമായ രോഗങ്ങൾ, ഹൃദ്രോഗം, ഹീമോഫീലിയ തുടങ്ങിയ രോഗങ്ങൾക്കുള്ള മരുന്നുകൾ ഔട്ട്‌ലെറ്റുകൾ മുഖേന 90% വരെ വിലകുറവിൽ ലഭ്യമാണ്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ആരംഭത്തിനും നടത്തിപ്പിനുമായി ഇതിനകം പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വക്കുമോ? | (ഡി) | വിശദമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ